ഹയർസെക്കണ്ടറി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം

നം.എസിഡി.എസ്പിസി(4)/109288/2018/എച്ച്എസ്ഇ തീയതി : 10.04.2018

# സർക്കുലർ

വിഷയം :- ഹയർ സെക്കണ്ടറി വിദ്യാഭ്യാസം - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം - 2018-19 അധ്യയനവർഷം സംഘടിപ്പിക്കുന്ന പ്രധാന ഐ.സി.ടി പരിശീലനങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

സൂചന:- കൈറ്റ് വൈസ് ചെയർമാന് & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.03.2018ലെ KITE/2018/1234(22) നമ്പർ കത്ത്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപകർക്കും ഐ.സി.ടി അധിഷ്ഠിത പാഠാസൂത്രണം, റിസോഴ്സ് തയ്യാറാക്കൽ, സമഗ്ര ഓൺലൈൻ പോർട്ടൽ പരിചയപ്പെടൽ എന്നിവ ഉൾപ്പെടുത്തികൊണ്ട് നാല് ദിവസത്തെ പരിശീലനം നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. 2018 ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തുന്ന പ്രസ്തുത പരിശീലനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

## പൊതുനിർദ്ദേശങ്ങൾ

- ഹയർസെക്കണ്ടറിയിലെ എല്ലാഅധ്യാപകരുംഅവധിക്കാല ഐ.സി.ടി പരിശീലനത്തിൽനിർബന്ധമായും പങ്കെടുക്കേണ്ടതാണ്. വിവിധ വിഷയങ്ങളെ കൂട്ടിച്ചേർത്ത് പൊതു മൊഡ്യൂൾ തയാറാക്കിയാണ് പരിശീലനം ക്രമീകരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട പട്ടിക താഴെ നൽകിയിരിക്കുന്നു. അധ്യാപകർ തങ്ങളുടെവിഷയമുൾപ്പെടുന്നഗ്രൂപ്പിന്റെ പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്:

| | വിഷയഗ്രൂപ്പ് | ഗ്രൂപ്പിൽ ഉൾപെടുന്ന വിഷയങ്ങൾ |
|---|---|---|
| 1 | Economics | Economics and Statistics |
| 2 | Geography | Geography and Geology |
| 3 | Social Science | Economics, Economics ഒഴികെയുള്ള എല്ലാ ഹ്യൂമാനിറ്റീസ് വിഷയങ്ങളും (History, Political Science, Sociology, Journalism, Anthropology, Psychology, Social work, etc.) |
| 4 | Malayalam | Malayalam only |
| 5 | Other Languages | Malayalam ഒഴികെയുള്ള എല്ലാ ഭാഷാ വിഷയങ്ങളും |
| 6 | Commerce | Commerce, Business Studies and all Accounting Subjects. |
| 7 | Physics | Physics only |
| 8 | Chemistry | Chemistry only |
| 9 | Mathematics | Mathematics only |
| 10 | Biology | Zoology and Botany |
| 11 | CA/CS | Computer Science and Applications |

- പരിശീലനത്തിനു മുന്നോടിയായുള്ള SRG, DRG പരിശീലനങ്ങൾ കൈറ്റിന്റെ നേതൃത്വത്തിൽ ഏപ്രിൽമാസത്തിൽ പൂർത്തിയാക്കേണ്ടതാണ്. അധ്യാപക പരിശീലനം 2018 മെയ്മാസത്തിൽ പൂർത്തീകരിക്കേണ്ടതാണ്.
- SRG, DRG പരിശീലനം ലഭിച്ചവരായിരിക്കണം അധ്യാപക പരിശീലനം നടത്തേണ്ടത്. കൈറ്റ് തയാറാക്കി എസ്.സി.ഇ.ആർ.ടി അംഗീകരിച്ച മൊഡ്യൂളുകൾ ഉപയോഗിച്ച് പരിശീലനം നടത്തണം.

- കൈറ്റിന്റെ നേതൃത്വത്തിൽ ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ സജ്ജീകരിക്കേണ്ടതാണ്. കൈറ്റിന്റെ ജില്ലാ റിസോഴ്സ് കേന്ദ്രങ്ങൾ, സെക്കണ്ടറി/ഹയർസെക്കണ്ടറി/വൊക്കേഷണൽഹയർസെക്കണ്ടറി കമ്പ്യൂട്ടർ ലാബുകൾ, അസാപ്പ് ലാബുകൾ, സ്മാർട്ട് ക്ലാസ്സ് മുറികൾ എന്നിവ പരിശീലന കേന്ദ്രങ്ങളായി ഉപയോഗപ്പെടുത്തേണ്ടതാണ്.
- പരിശീലനസമയം രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെയായിരിക്കും (റസിഡൻഷ്യൽ ഒഴികെ). റിസോഴ്സ് അധ്യാപകർ പരിശീലനം ആരംഭിക്കുന്നതിന് അര മണിക്കൂർ മുമ്പ് പരിശീലന കേന്ദ്രത്തിൽ എത്തേണ്ടതാണ്. പരിശീലനം കഴിഞ്ഞ് എല്ലാ അധ്യാപകരും പോയ ശേഷം മാത്രമേ പരിശീലകർ പരിശീലനകേന്ദ്രത്തിൽ നിന്ന് പിരിഞ്ഞു പോകാന് പാടുള്ളു. പങ്കെടുക്കുന്ന അധ്യാപകർ മുഴുവൻ സമയവും പരിശീലന കേന്ദ്രത്തിലുണ്ടെന്ന് റിസോഴ്സ് അധ്യാപകർ ഉറപ്പു വരുത്തേണ്ടതാണ്.
- എസ്.ആർ.ജി പരിശീലനങ്ങളിൽ പങ്കെടുക്കുന്നവർക്ക് കെ.എസ്.ആർ പ്രകാരമുള്ള TA/DA യും കൂടാതെ പരിശീലകർക്ക് പ്രതിദിനം 500/- രൂപയും പങ്കെടുക്കുന്ന അധ്യാപകർക്ക് പ്രതിദിനം 250/- രൂപയും ഓണറേറിയമായി കൈറ്റ് നൽകേണ്ടതാണ്.
- ഡി.ആർ.ജി പരിശീലനങ്ങളിൽ പങ്കെടുക്കുന്ന പരിശീലകർക്ക് പ്രതിദിനം 500/- രൂപയും പങ്കെടുക്കുന്ന അധ്യാപകർക്ക് പ്രതിദിനം 250/-രൂപയും ഓണറേറിയമായി കൈറ്റ് നൽകേണ്ടതാണ്.
- ഒരു വിഷയഗ്രൂപ്പിലെ അധ്യാപകരുടെ എണ്ണം 80-ൽ താഴെയാണെങ്കിൽ ഡി.ആർ.ജി പരിശീലനം നടത്തേണ്ടതില്ല. ഈ ജില്ലകളിൽ എസ്.ആർ.ജി.മാർ തന്നെനേരിട്ട് അധ്യാപക പരിശീലനം നടത്തേണ്ടതാണ്.
- ഒരു ജില്ലയിലെ വിഷയഗ്രൂപ്പിലെ അധ്യാപകരുടെ എണ്ണം 15-ൽ താഴെയാണെങ്കിൽ ഡി.ആർ.ജി പരിശീലനം നടത്തേണ്ടതില്ല. തൊട്ടടുത്ത ജില്ലയിലെ അധ്യാപക പരിശീലനത്തിൽ ഇവരെ ഉൾപ്പെടുത്തേണ്ടതാണ്. ഇങ്ങനെ കൈറ്റ് മറ്റു ജില്ലകളിൽ പരിശീലനം ക്രമീകരിക്കുന്ന അധ്യാപകർക്ക് ഓണറേറിയത്തിനു പുറമെ യഥാർത്ഥ ബസ് ചാർജും നൽകേണ്ടതാണ്.
- പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകർക്ക് പ്രതിദിനം 125/- രൂപയും പരിശീലകർക്ക് പ്രതിദിനം 500/- രൂപയും ഓണറേറിയമായി കൈറ്റ് നൽകേണ്ടതാണ്.
- പരിശീലന കേന്ദ്രങ്ങൾക്ക് പ്രതിദിനം 500/- രൂപ ലാബ് മെയിന്റനൻസ്

ചാർജ്ജായി കൈറ്റ് നൽകേണ്ടതാണ്.

**പരിശീലന രജിസ്ട്രേഷനുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ**

- കൈറ്റിന്റെ വെബ്സൈറ്റിൽ (www.kite.kerala.gov.in) Services എന്ന മെനുവിൽ Training Management System ത്തിൽ ലോഗിൻ ചെയ്ത് പരിശീലനത്തിൽ പങ്കെടുക്കുന്നവരുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. വെബ് സൈറ്റിൽ ലോഗിൻ ചെയ്യാനുള്ള യൂസർ നെയിമും പാസ്‌വേർഡും കൈറ്റിന്റെ ജില്ലാ ഓഫിസുകൾ മുഖേന സ്കൂളുകൾക്ക് ലഭ്യമാക്കേണ്ടതാണ്.
- പോർട്ടലിലെ ഹോം പേജിലെ ഐ സി ടി രജിസ്ട്രേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ അതാത് സ്കൂളിലെ അധ്യാപകരുടെ ലിസ്റ്റ് കാണാവുന്നതാണ്. ലിസ്റ്റിലില്ലാത്ത അധ്യാപകരെ കൂടി പ്രിൻസിപ്പൽമാർ ട്രെയ്നിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.
- സ്കൂളുകളിലെ മുഴുവൻ അധ്യാപകരുടേയും പേരിന് നേരെ Name of bank, Account No, Name of branch, IFSC Code, Mobile No എന്നിവ ചേർത്ത് ലിസ്റ്റ് അപ്ഡേറ്റ് ചെയ്യാൻ പ്രിൻസിപ്പൽമാർ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ഒരു ബാച്ചിൽ 30 അധ്യാപകർക്കാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്. അധ്യാപകർക്ക് അവരുടെ സൗകര്യാർത്ഥം പരിശീലനകേന്ദ്രവും ബാച്ചും ഏത് ജില്ലയിൽ വേണമെങ്കിലും തെരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ ആദ്യം രജിസ്റ്റർ ചെയ്യുന്ന അധ്യാപകർക്കായിരിക്കും മുൻഗണന. ഒരു ബാച്ചിലേക്ക് മതിയായ എണ്ണം പരിശീലനാർത്ഥികൾ ഇല്ലെങ്കിൽ പ്രസ്തുത ബാച്ച് റദ്ദ് ചെയ്ത് മറ്റ് കേന്ദ്രങ്ങളിലേക്ക് പരിശീലനം ക്രമീകരിക്കുന്നതായിരിക്കും.
- അവധിക്കാല അധ്യാപകപരിശീലനത്തിന് ജില്ലയിലെ എല്ലാ ആധ്യാപകരുടേയും വിശദാംശങ്ങൾ സമയബന്ധിതമായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഹയർസെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി/ കൈറ്റ് ജില്ലാ കോർഡിനേറ്റർ / ജോയിന്റ് കോർഡിനേറ്റർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

**പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ**

- സ്കൂളിലെ എല്ലാ അധ്യാപകരും ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- എല്ലാ അധ്യാപകരും അവധിക്കാലത്ത് തന്നെ സമയബന്ധിതമായി പരിശീലനം പൂർത്തിയാക്കിയെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

**റിസോഴ്സ് അധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ (SRG, DRG)**

- പരിശീലനത്തിന്റെ ഉയർന്ന നിലവാരം എല്ലാ ഘട്ടങ്ങളിലും കാത്തുസൂക്ഷിക്കേണ്ടതാണ്.
- ഐ.സി.ടി സാധ്യത ഉപയോഗിച്ച് പാഠഭാഗങ്ങൾ കൈകാര്യം

ചെയ്യുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുന്ന തരത്തിൽ പരിശീലനം നടത്തേണ്ടതാണ്. പരിശീലന മൊഡ്യൂളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എല്ലാം വിനിമയം ചെയ്യേണ്ടതും പരിശീലനം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമാണ്.

- അതാത് വിഷയവുമായി ബന്ധപ്പെട്ട് ഉപയോഗിക്കേണ്ട വിവിധ സോഫ്റ്റ്‌വെയർ ടൂളുകൾ പങ്കെടുക്കുന്ന അധ്യാപകർക്ക് കൈമാറ്റം ചെയ്യേണ്ടതാണ്.

## പരിശീലന കേന്ദ്രങ്ങൾക്കുള്ള നിർദ്ദേശങ്ങൾ

- പരമാവധി 30 അധ്യാപകരെയാണ് ഒരു ബാച്ചിൽ പരിശീലനത്തിനായി ഉൾപ്പെടുത്തേണ്ടത്.
- പരിശീലനത്തിന്റെ സമയക്രമം (9.30 am – 4.30 pm വരെ) നിർബന്ധമായും പാലിക്കേണ്ടതാണ് .
- പരിശീലനത്തിനാവശ്യമായ താഴെ പറയുന്ന സൗകര്യങ്ങൾ കൈറ്റ് ആവശ്യപ്പെടുന്നതിനനുസരിച്ച് ലഭ്യമാക്കേണ്ടതാണ്
  - ഹൈ ടെക് ക്ലാസ്സ് റൂം / 30X20 ക്ലാസ് റൂം
  - LCDപ്രൊജക്ടർ
  - ലാപ്ടോപ്പുകൾ /ഡെസ്ക് ടോപ്പുകൾ
  - ആവശ്യമായ ഫർണിച്ചർ
  - ആവശ്യമായ ചാർജിങ് പോയന്റുകൾ (എക്സ്റ്റൻഷൻ കോഡുകൾ)
  - ഇന്റർനെറ്റ് സൗകര്യം

## പരിശീലനാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

- ഐ.സി.ടി അധിഷ്ഠിത അവധിക്കാല പരിശീലനത്തിൽ എല്ലാ അധ്യാപകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ആവശ്യമായ ജില്ലയും ബാച്ചും തിരഞ്ഞെടുക്കുന്നതിനുള്ള സൗകര്യം പ്രയോജനപ്പെടുത്തേണ്ടതാണ്.
- പരിശീലനത്തിലേക്ക് ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള സൗകര്യം ഉണ്ട്. രജിസ്റ്റർ ചെയ്ത ബാച്ചിൽ തന്നെ നിർബന്ധമായും പങ്കെടുക്കേണ്ടതാണ് .
- പരിശീലനത്തിന്റെ സമയക്രമം (9.30 am – 4.30 pm വരെ) നിർബന്ധമായും പാലിക്കേണ്ടതാണ് .
- പരിശീലനത്തിന് വരുന്നവർ Laptop, Text Book, Teacher Text എന്നിവ കൊണ്ട് വരേണ്ടതാണ്.
- പരിശീലനത്തിന്റെ ഭാഗമായി എല്ലാ അധ്യാപകരും നിർബന്ധമായും സമഗ്ര രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്.

പരിശീലനത്തിന്റെ തുടർന്നുള്ള വിശദാംശങ്ങൾ ജില്ലാ കോർഡിനേറ്റർമാരുടേയും ആർ.ഡി.ഡി.മാരുടേയും യോഗത്തിനുശേഷം നൽകുന്നതാണ്.

ഒപ്പ്

**ഡയറക്ടർ**